പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298 18.2.2013-ന് മറുപടിക്ക്

## ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ.കെ. ജയചന്ദ്രൻ
,, പി.കെ.ഗുരുദാസൻ
,, സി.കൃഷ്ണൻ
,, കെ.ദാസൻ

**ഉത്തരം**

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ ഏതെല്ലാം ;

എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തിലൂടെ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതിയാണ് ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്).

ബി) പ്രസ്തുത പദ്ധതികളുടെ 2012-13 വർഷത്തെ പ്രവർത്തനത്തെ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

ബി) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| അടിസ്ഥാന വികസന ഫണ്ട് | തുക ലക്ഷത്തിൽ | | |
|---|---|---|---|
| | ബജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
| ജില്ലാ പഞ്ചായത്ത് | 450.00 | 406.91 | 406.91 |
| ബ്ലോക്ക് പഞ്ചായത്ത് | 680.00 | 247.91 | 247.91 |
| ഗ്രാമ പഞ്ചായത്ത് | 250.00 | 43.35 | 43.35 |

സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ എന്ത് ഭൗതിക നേട്ടം കൈവരിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; അതിൽ എത്ര ലക്ഷ്യം കണ്ടു ;

സി) ഭൗതികനേട്ടവും ലക്ഷ്യവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| | പദ്ധതികളുടെ എണ്ണം | 2012-13 വർഷത്തെ ഭൗതിക ലക്ഷ്യം | നേട്ടം |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 163 | 11 | 5 |
| ബ്ലോക്ക് പഞ്ചായത്ത് | 181 | 28 | 7 |
| ഗ്രാമ പഞ്ചായത്ത് | 67 | 29 | 4 |

| | |
|---|---|
| ഡി) ബ്ലോക്ക്തലത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്ന തിന് സാമ്പത്തിക ബുദ്ധിമുട്ട് വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | ഡി) ബ്ലോക്ക്തലത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ റേറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നതാണ്. |

സെക്ഷൻ ഓഫീസർ